കെ.എസ്.ആർ.ടി.സി. യിൽ നിത്യവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങൾ

88 (4248) ശ്രീ. ലൂഡി ലൂയിസ് :
ശ്രീമതി മേഴ്സി രവി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. സുജനപാൽ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിൽ നിത്യവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എത്രപേരുണ്ട് ;

(ബി) ഇവർക്ക് നൽകുന്ന പ്രതിദിനവേതനം എത്രയാണ് ;

(സി) അവർക്ക് ദിനപ്രതി മറ്റ് എന്തെല്ലാം ആനുകൂല്യങ്ങൾ കൂടി നൽകുന്നുണ്ട് ;

(ഡി) ദിവസക്കൂലി അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യിൽ ജോലി ചെയ്യുന്നവർക്ക് പ്രതിമാസം ശരാശരി എത്ര ദിവസം ജോലി കൊടുക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 6370 പേർ.

(ബി) സ്വീപ്പർ - സ്ത്രീകൾ - 74 രൂപ
പുരുഷന്മാർ - 91 രൂപ
ഗാർഡ് - 59 രൂപ
ഡ്രൈവർമാർ - 110 രൂപ
കണ്ടക്ടർ - 100 രൂപ
മെക്കാനിക്കൽ - 100 രൂപ

(സി) ഇവർക്ക് ഡ്യൂട്ടി പാസ്സ് ഒഴികെ മറ്റാനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

(ഡി) ശരാശരി 15 ദിവസം ജോലി കൊടുക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി. യിൽ നിന്നും റിട്ടയർ ചെയ്തവരുടെ കുടിശ്ശിക ശമ്പളം

89 (4249) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിലെ ശമ്പള പരിഷ്ക്കരണ ഉത്തരവനുസരിച്ച് 1997 മാർച്ചു മുതൽ റിട്ടയർ ചെയ്തവർക്ക് നോഷണലായി ശമ്പളം ഫിക്സ് ചെയ്യാനാണോ വ്യവസ്ഥയുണ്ടായിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിട്ടയർ ചെയ്തവർക്ക് കുടിശ്ശിക ശമ്പളം നൽകുകയുണ്ടായോ ;

(സി) ഇത് ക്രമാനുസൃതമായിരുന്നുവോ ;

(ഡി) അല്ലെങ്കിൽ ഇതിൻപ്രകാരം എന്തു അനന്തര നടപടിയെടുക്കുവാൻ ഉദ്ദേശിക്കുന്നു ;

(ഇ) റിട്ടയർ ചെയ്ത എത്ര പേർ നാളിതുവരെ കുടിശ്ശിക ശമ്പളം വാങ്ങിയിട്ടുണ്ട് ;

(എഫ്) ഈയിനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് എന്തു തുക ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അതെ.

(ബി) കുടിശ്ശിക ശമ്പളം ആർക്കും നൽകിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സുപ്രീം കോടതിയിൽ നിലനിൽക്കുന്ന എസ്.എൽ.പി. യിന്മേൽ എത്രയും വേഗം തീരുമാനമെടുപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ഇ) ശമ്പളകുടിശ്ശിക ആരും വാങ്ങിയിട്ടില്ല. 1700 പേർ പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക വാങ്ങിയിട്ടുണ്ട്.

(എഫ്) ഇതിനകം 28.25 കോടി രൂപ ചെലവായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ തടഞ്ഞുവച്ച ആനുകൂല്യങ്ങൾ

90 (4250) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997 മുതൽ കെ.എസ്.ആർ.ടി.സി. യിൽ നിന്നും വിരമിച്ച ജീവനക്കാരുടെ ഏതെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ സർക്കാർ തടഞ്ഞിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ആനുകൂല്യ വിതരണവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധി നിലവിലുണ്ടോ ; പ്രസ്തുത വിധിയുടെ ഉള്ളടക്കം വെളിപ്പെടുത്തുമോ ;

(സി) വിരമിച്ച ജീവനക്കാർക്ക് നൽകിയ ആനുകൂല്യങ്ങൾ നിയമ പ്രകാരമല്ല എന്നും അനർഹമാണെന്നും കരുതുന്നുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് സുപ്രീം കോടതി വിധി നിയമപ്രകാരമല്ല എന്ന് സർക്കാർ കരുതുന്നുണ്ടോ ?

ഉത്തരം

(എ) ഒരു ആനുകൂല്യവും തടഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly